(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രൂപം നൽകിയ 'പരിഹാരവേദി'യുടെ പ്രവർത്തന പുരോഗതിയെന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലേബർ അതോറിറ്റി രൂപീകരിച്ചുകൊണ്ട് 21-11-200-ൽ സർക്കാർ വിജ്ഞാപനപ്രകാരം ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെയും തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും തൊഴിലാളി ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുകയും തുടർന്നുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുക, പൊതുവായ മാർഗ്ഗ രേഖകൾ നൽകുക എന്നിവയാണ് ലേബർ അതോറിറ്റിയുടെ ചുമതല.

(സി) ലേബർ അജണ്ടയുടെ ഭാഗമായി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനും വിവിധ ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുവാനും തൊഴിലാളികൾക്ക് അവരുടെ പരാതികൾ നേരിട്ട് സമർപ്പിച്ച് പരിഹാരം കണ്ടെത്തുവാനുമായി സംഘടിപ്പിച്ച "പരിഹാരവേദി" വിജയകരമായി നടപ്പാക്കിവരുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ വേദി സംഘടിപ്പിക്കുകയുണ്ടായി. കൊല്ലത്ത് നടന്ന സംസ്ഥാനതല ഉത്ഘാടന വേദിയിൽ 4500 കുടുംബങ്ങൾക്കായി 75 ലക്ഷം രൂപയുടെയും എറണാകുളത്ത് 5500 കുടുംബങ്ങൾക്കായി ഒരു കോടി രൂപയുടേയും കോഴിക്കോട് 7000 കുടുംബങ്ങൾക്ക് 1.25 കോടിരൂപയുടെയും ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. കൂടാതെ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് വിദ്യാഭ്യാസ ഗ്രാന്റ്, മരണാനന്തര സഹായം പെൻഷൻ എന്നിവയടക്കം 1200 കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. മറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡുകളും പരിഹാര വേദിയിൽ പങ്കെടുത്ത് ഭവന നിർമ്മാണം, വിദ്യാഭ്യാസം, വിവാഹം, മരണാനന്തര ആനുകൂല്യങ്ങൾ തുടങ്ങിയവയ്ക്കുള്ള ധനസഹായം വിതരണം ചെയ്തു. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, ഇ.എസ്.ഐ. വിഭാഗം വിവിധ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരിഹാരവേദിയോട് അനുബന്ധിച്ചുനടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ 3000-ൽ അധികം തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശോധന നടത്തി. ഇ.എസ്.ഐ. കോർപ്പറേഷനും വിവിധ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

തഴപ്പായത്തൊഴിലാളി ക്ഷേമനിധിയിലെ അംഗത്വം

81 (306) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഴപ്പായത്തൊഴിലാളി ക്ഷേമനിധിയിൽ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തൊഴിലാളി ക്ഷേമനിധി അംഗത്വത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ക്രൈസ്തവസഭ സർട്ടിഫിക്കറ്റുകൾ, മുസ്ലീംപള്ളി സർട്ടിഫിക്കറ്റുകൾ എന്നിവ ആധികാരിക രേഖകളായി അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ സർട്ടിഫിക്കറ്റുകളും ജാതകങ്ങളും ഇല്ലാത്തവർക്ക് അംഗത്വത്തിന് അപേക്ഷിക്കാൻ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വയസ് തെളിയിക്കാൻ അസിസ്റ്റന്റ് സർജൻ താഴെയല്ലാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റ് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഐഡന്റിറ്റി കാർഡ് എന്നിവ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആകെ 869 അംഗങ്ങളുണ്ട്.

തൃശ്ശൂർ ജില്ല	616
എറണാകുളം ജില്ല	253

(ബി) ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിക്കും (സ്വയം തൊഴിൽ ചെയ്യുന്നവരും തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവരും) ഈ പദ്ധതിപ്രകാരം ക്ഷേമനിധി അംഗമായി ചേരാവുന്നതാണ്. ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവ്യക്തി, വയസ്സ്, ജനനതീയതി, ജനനസ്ഥലം, സ്ഥിരമായി ഇപ്പോൾ താമസിക്കുന്ന സ്ഥലം, തുടർച്ചയായി ഈറ്റ, കാട്ടുവള്ളി, തഴ എന്നിവയുമായി ബന്ധപ്പെട്ടു തൊഴിൽ ചെയ്തുവരുന്നു. ഇവ തെളിയിക്കുന്ന രേഖകൾ, 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഫാറം നമ്പർ 1-ൽ രണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ/സെക്രട്ടറി, എം.എൽ.എ. എന്നിവരിൽ നിന്നോ സ്ഥലത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നോ, രജിസ്റ്റർ ചെയ്ത ബന്ധപ്പെട്ട തൊഴിലാളി യൂണിയനിൽ നിന്നോ അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ നിയമന അധികാരിയിൽ നിന്നോ ഹാജരാക്കേണ്ടതാണ്. വയസ് തെളിയിക്കുന്നതിന്, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പോ, വിടുതൽ സർട്ടിഫിക്കറ്റോ ആധികാരികമായ തെളിവായി കണക്കാക്കുന്നതാണ്. വിദ്യാഭ്യാസമില്ലാത്തവരുടെ കാര്യത്തിൽ ജാതകമോ, ക്രിസ്ത്യാനികളുടെയും മുസ്ലീംങ്ങളുടേയും കാര്യത്തിൽ ബന്ധപ്പെട്ട പള്ളി അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റോ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസായി ഓരോ അപേക്ഷകരും 10 രൂപ വീതം നൽകേണ്ടതാണ്.

(സി) അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. താമസംവിനാ ആക്ട് ഭേദഗതി ചെയ്തുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

കൈത്തറി തൊഴിലാളി പെൻഷൻ

82 (307) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-ലെ കേരളാ കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരം പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രായപരിധിയുടെ കാര്യത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) ശ്രീ. ജി. കുട്ടൻപിള്ള, പ്ലാവിള കിഴക്കതിൽ, ഇടവടം, കാരുവേലിൽ പി.ഒ., കൊല്ലം സമർപ്പിച്ച പെൻഷൻ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ 35-ാം ഖണ്ഡിക പ്രകാരം 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്ന് വിരമിക്കുന്ന കൈത്തറി തൊഴിലാളികൾക്കാണ് പെൻഷന് അർഹതയുള്ളത്.

(ബി) ഇല്ല.

(സി) കൊല്ലം, കാരുവേലിൽ പ്ലാവിള കിഴക്കതിൽ, ശ്രീ. ജി. കുട്ടൻപിള്ള കൊല്ലത്തെ പരിത്രേശ്വരം കൈത്തറി തൊഴിലാളി സഹകരണ സംഘത്തിൽ നിന്നും 55 വയസ്സ് പൂർത്തിയായി വിരമിച്ചതാണ്. ടിയാൻ 2000 ഫെബ്രുവരി മാസത്തിൽ പെൻഷന് സമർപ്പിച്ച അപേക്ഷ 60 വയസ്സിന് മുമ്പ് വിരമിച്ചതിനാൽ നിലവിലുള്ള പദ്ധതി വ്യവസ്ഥ പ്രകാരം പെൻഷന് അർഹതയില്ലാത്തതുകൊണ്ട് 13-4-2000-ന് നിരസിച്ചതും ഉത്തരവ് അപേക്ഷകന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥ പ്രകാരം ടി അംഗത്തിന് പെൻഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല.

നിർമ്മാണ തൊഴിലാളികളുടെ അപകട മരണം

83 (308) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുനില മന്ദിരങ്ങളുടെ നിർമ്മാണത്തിനിടയിൽ കെട്ടിടങ്ങളിൽ നിന്നും തൊഴിലാളികൾ വീണു മരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ഇത്തരത്തിലുള്ള അപകടത്തിൽപ്പെട്ട് എത്ര തൊഴിലാളികൾ മൃതിയടഞ്ഞിട്ടുണ്ടെന്നും അവരുടെ ആശ്രിതർക്ക് ഏതൊക്കെ ഇനത്തിൽ എന്തു തുക നഷ്ടപരിഹാരമായി നൽകി എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly